
3153

ദാനം കഴിഞ്ഞു

2312
1058

തകഴി ശിവശങ്കരപ്പിള്ള

3153



3/53

ഓണം കഴിഞ്ഞു

സാഹിത്യപരിഷത്സഹകരണസംഘം
ലിമിറ്റഡ്

ONAM KAZHINJU

(POEMS)

BY

KUTTIPPURATH KESAVAN NAIR

First Impression August 1957

RIGHTS RESERVED

PUBLISHERS

Sahitya Parishath, C. S. Ltd.

PARISHATH BOOK STALL
HOSPITAL ROAD, ERNAKULAM

Rs. 1-00

3153

ഓണം കഴിഞ്ഞു

കുറിപ്പുറത്തു കേശവൻനായർ

പരിഷത് ബുക്ക് സ്റ്റാൾ
ഹോസ്പിറ്റൽ റോഡ്, എറണാകുളം.

വില: 1 ക.

കുറിപ്പുറത്തിന്റെ കൃതികൾ

കാവ്യോപഹാരം

നവ്യോപഹാരം

പ്രതിമാനാടകം

പ്രപഞ്ചം

ശാകുന്തളം

ഓണം കഴിഞ്ഞു

3/53

ഉള്ളടക്കം

1. പ്രണാമം
2. മേഘം
3. എന്റെ ഇന്നത്തെ ചിന്തകൾ
4. അന്ത്യനമസ്കാരം
5. സ്വാതന്ത്ര്യഗീതി
6. ഇരുട്ടിൽ
7. ശ്മശാനചിന്ത
8. ധന്യം നിന്നവതാരം
9. അച്ചായ്ക്കുന്റെ ആശീർവ്വാദം
10. നാരിയും നരനും
11. ശാന്തിക്കാരന്റെ കഷ്ടപ്പാട്
12. ആരാണു ഭാഗ്യവാൻ?
13. പൂത്തുമഴ
14. ചിത്രശാല
15. ഓണം കഴിഞ്ഞു
16. സഹകാരത്രയം
17. പുതിയ നാടകം

പ്രണാമം

1

തുഞ്ചനാം ഗുരുവിൽനി–
ന്നഭ്യാത്മജ്ഞാനോദയം
പഞ്ചമരാഗംകൊണ്ടു
പൈങ്കിളി കുറിക്കുമ്പോഴും

വെട്ടമാദ്യമായ് വീണി–
താകയാലനപത്ഥമാം
വെട്ടത്തുനാടേ! വെൽവൂ,
നിൻ പേരും പെരുമയും.

അവിധം നൂറായിരകോം
പോകവേ ലോകത്തിന്റെ
ജീവിതത്തിന്നു വീണ്ടും
വെളിച്ചം വേണ്ടിവന്നു.

2

ഋഷിഭൂമിയിൽ പുണ്യ–
തീർത്ഥങ്ങൾ കരികിലും
തൃഷിതരായി നാട്ടാർ
തണ്ണീരു തിരയുമ്പോൾ,

അന്യൂനമിരുളേന്തു–
മന്തിയിൽ പൂന്തിങ്കൾപോ–
ലന്യനാമൊരു ഗുരു
നിന്നിൽത്താനുദിക്കുന്നു.

അദ്ദേഹം "വള്ളത്തോ"ളെ–
ന്നറിയപ്പെട്ടീടിലു–
മുദ്ദേശസാമ്യമോർത്താൽ
മുൻചൊന്ന ഗുരുതന്നെ.

3

പൈതൃകം കലാരസ,–
മൂഷികല്പനാം ഗുരു
മാതുലൻ സമ്മാനിച്ച
സംസ്കാര,മിതുരണ്ടും

ജീവിതലക്ഷ്യമായി
രാപ്പകൽ പണിപ്പെട്ട
ഭൂവിനെക്കുളിപ്പിച്ച
വന്ദ്യനാം മമ ഗുരോ!

സപ്തതിവയസ്സിങ്ക–
ലൂന്നുവാനുയത്തീട്ടും
തപൽപടങ്ങളിൽ വീണ്ടും
വീണ്ടുമെൻ നമസ്കാരം.

ഇവനു മറെന്തിനി
പ്രാത്ഥിപ്പാൻ, തുടനു നിൻ–
കവനം സമ്പൂർണ്ണമായ്
ത്തീരട്ടെ രസാവാസം.

മേഘം

1

മേഘമേ, കാട്ടുതീയേറ്റു ദാഹിച്ചെഴും
വേഴാമ്പലിന്നു നീ വെള്ളം കൊടുക്കുക;
ഇല്ലെങ്കിലോക്കാതെ വായുവിളകിയാ–
ലെങ്ങു നീ,യെങ്ങു നീ,രെങ്ങുവാൻ ചാതകം?

2

വൈലേറ്റു ചുട്ട പഴുത്തുള്ള മേട്ടിന്നും
തീ വീണ കാട്ടിന്നുമാശ്വാസമേകി നീ;
തോട്ടം പുഴയും നിറച്ചഹോ ശൂന്യനാ–
യീടിലും മേഘമേ, ധന്യധന്യൻ ഭവാൻ.

3

ഇത്തരു മെല്ലെത്തളിർത്തും പൂത്തതു–
മത്രയും മേഘമേ, നിന്റെ കരുണയാൽ;
ചിത്രമതൊന്നു ഫലിപ്പാൻ തുടങ്ങുമ്പോൾ–
മാത്രമെന്തിത്രയും നിർദ്ദയനായി നീ?

4

കത്തുന്ന കാട്ടിലോ മേട്ടിലോ നീത്തുള്ളി
വീഴ്ത്തണ്ട മേഘമേ, മേന്മയുള്ള വേണ്ടി നീ;
ശുക്തിയിൽ വീഴട്ടെ, മുത്തായി നിൻകീർത്തി
ഉത്തമാടട്ടേ ഉപസ്രീകുചങ്ങളിൽ.

എന്റെ ഇന്നത്തെ ചിന്തകൾ

1

കവികൾ ക്ലേശമെന്നു
വാഴ്ത്തീടുമുദരത്തിൽ–
ക്കവിയും വലുപ്പമാ–
ന്നെന്തുള്ളൂ ഭുവനത്തിൽ?

ഉടലിൻ നടുവിലാ–
യേറെനാൾകൊണ്ടു മാത്ര–
മുടയോൻ ചമച്ചുള്ളോ–
രാ മഹാകുഹരത്തിൽ

എന്തുതാൻ നിറച്ചാലു–
മുടനേ കാറുപോയ
പന്തുപോലതു കാണാം,
പിന്നെയും നിറയ്ക്കണം.

കേഴമീയുദരത്തെ–
ച്ചൊല്ലിയല്ലയോ മർത്ത്യ–
നാഴികയും മലകളും
താണ്ടുന്നതഹോരാത്രം;

ഉയരും ചിന്തപോലു–
മെത്രയും താഴ്ത്തപ്പെട്ട–
മുയിരിൻ പ്രവർത്തന–
കേന്ദ്രത്താ,ലുദരത്താൽ.

2

അത്തരം വയറുക–
ളയ്യായിരമഞ്ചും കോടി
മൊത്തത്തിലിന്നാട്ടിലി–
ന്നാത്തി പൂണ്ടമരുന്നു;

പാവപ്പെട്ടവയതി–
ലേറുമേ, പൈദാഹത്താ–
ലാവിധം നശിച്ചതു–
മവതാനൊട്ടേറെയും.

ആഹന്ത! മനുഷ്യരായ്
പറയപ്പെട്ടും നമ്മ–
ളാ മാന്യവർഗ്ഗത്തോട്ട
മാപ്പിനായിരക്കുക!

അത്രയും പിഴച്ചുപോ,—
യല്ലെങ്കിൽ സത്യം ധർമ്മം
കൃത്യമെന്നിവയെല്ലാ—
മെങ്ങിനെ മറന്നു നാം!

3

ദുർഭിക്ഷം ഭൂരവസ്ഥ—
യുണ്ടാക്കീ, ഭൂരാഗ്രഹി
ദുർഭഗൻ കരിഞ്ചെന്ത
കൊണ്ടതു വലുതാക്കി

കൃഷിയാൽക്കഴിയുന്ന
വർഗ്ഗമെന്നുംഘോഷിപ്പോ,—
രൃഷിസന്തതിയെന്നു
വീരസ്യം പറയുവോർ,

നിത്യമിന്നച്ചന്തയിൽ
നാഴി നെല്ലിനുവേണ്ടി—
സ്സത്യധർമ്മങ്ങൾ വില്പോ—
രല്ലി നാം മിക്കപേരും?

കഷ്ടങ്ങൾ കുറയ്ക്കുവാ—
നല്പിപ്പോളവരവ—
ക്കിഷ്ടംപോൽ ലംഘിക്കുവാൻ
ചട്ടങ്ങളെന്നു വന്നു.

ഉള്ളതുകൊണ്ടു തൃപ്തി–
പ്പെട്ടവനാവാത്തപ്പോഴും
കൊള്ളയാം കുറെ ബ്ഭേദം,
കള്ളമല്ലൊരിക്കലും.

വേഷത്താൽ രഘുവരൻ,
വേലയാൽ രക്ഷോവരൻ,
രേഷനിങ്ങിനെയായാൽ
ദോഷമാമതുകൊണ്ടും.

4

വനമേ! ബാല്യംതൊട്ട
നിന്നുടെ മാഹാത്മ്യത്തെ
മനസാ കൊണ്ടോടി ഞാ–
നാവുംപോൽ മൊഴിയാലും.

ഉലകിന്നുൽകൃഷ്ടമാം
ചിന്തകളുളവാക്കാ–
നുടയോൻ ചമച്ചതായ്
നിന്നെ ഞാൻ കരുതുന്നു.

അദ്ധ്യാത്മചിന്താശീലം
തൊട്ടതിലെല്ലാം ഞങ്ങ–
ളുദ്ധൃതഭാവം പൂണ്ട–
താരി,ലാ മുനീന്ദ്രന്മാർ,

നിന്നിലേ പിറന്നവർ
നിന്നിലേ വളർന്നവർ
നിന്നിൽത്താൻ പഠിച്ചവർ
നിന്നിൽത്താൻ പഠിപ്പിച്ചോർ.

ഭജിപ്പാനടുക്കുമ്പോൾ–
യവർക്കു നീയുണ്ടെങ്കിൽ
ബ്ഭജിപ്പാനുള്ള പുണ്യ–
ക്ഷേത്രവും നീതാനല്ലോ.

അങ്ങിനെയാദരിക്കപ്പെട്ട നിൻ കഥയിപ്പോ–
ഴെങ്ങനെ? ഹാ ഹാ! ചിന്തിപ്പാനുമൊട്ടെളുതല്ല.

ഒരുനാൾ മുന്നം മഴയില്ലാതെയവശമായ്
വരളും നിന്നെക്കണ്ടു
വസിഷ്ഠൻ മഹാമുനി

ഉരുകും കരളോടേ
മന്ത്രഗീതികൾകൊണ്ടു
വരുണപ്രസാദാർത്ഥം
പ്രാർത്ഥന നടത്തുമ്പോൾ,

ഉടനൊന്നേറുപാടാൻ–
തോന്നിയ മണ്ഡൂകത്തി–
ന്നുടയ ബുദ്ധിപോലു–
മിന്നുള്ള നരക്കുണ്ടോ?

ഇന്നിതാ മുൻപൊന്നോരു
ദുരവസ്ഥയാൽ ബോധം
വന്നവരുദ്യുക്തരായ്
കൊണ്ടാടാൻ വനോത്സവം.

പണ്ടാക്കും രുചിച്ചുതാ–
മിന്നത്തെ വനോത്സവ–
ക്കൊണ്ടാട്ടം കണ്ടോരുണ്ടാം,
കഴിച്ചോർ ചുരുങ്ങീടും.

5

യാദവകുലമെന്നു
കേൾക്കുമ്പോളഭിമാന–
മേറുമനാകുന്നു ഞാ–
നാദരഭരിതനും.

ആവിലരാകാതേറെ
യത്നത്താൽ ശ്രേയോമാർഗ്ഗ–
മാവിധമവർ നേടീ,
വിശ്രുതരായും തീർന്നു.

തക്ക കാരണങ്ങളിൽ—
റ്റപ്പോലുമേ യുദ്ധത്തിന്നു
നില്ക്കുവാനിഷ്ടപ്പെട്ടോ—
രല്ലവരൊരിക്കലും;

അവരേ നയിച്ചുള്ളോ—
രദ്ദിവ്യപുരുഷനീ
ഭ്ഭുവനമാദ്യം കണ്ടോ—
രത്ഭുതപുമാനല്ലൊ.

ധർമ്മയുദ്ധത്തിൽ സ്വന്തം
പക്ഷത്തെസ്സാരഥ്യമാം
കർമ്മത്താലനുഗ്രഹി—
ക്കുമ്പോഴും നിരായുധൻ,

വിജയത്തിനായ് പോരിൽ—
വെച്ചുമേ ക്രൂരാളിയാം
വിജയന്നോരോ ധർമ്മ—
തത്പരങ്ങളരുളിയോൻ;

ചിത്തവിഭ്രമം പൂണ്ട
കാട്ടാളനൊരുവനാ—
ലട്ടിവ്യൻ ഹാഹാ! ഹത—
നെങ്കിലും കൃതകൃത്യൻ.

യാദവകഥ പിന്നെ–
യെന്താണെന്നിതിവൃത്ത–
വേദികൾ പറഞ്ഞു നാ–
മറിഞ്ഞുള്ളതുതന്നെ.

ആവിധം ദുരന്തമാം
നാടകമാവത്തിപ്പാ–
നാവായ്ക്കിങ്ങതോടൊത്ത
ഭാരതസഭാജനം.

അന്ത്യനമസ്കാരം

1

നട്ടങ്ങീ ഹാഹാ! ലോക,–
മായിടിത്തീയേറെന്നാ–
യൊട്ടങ്ങീ,ലെന്നാലതു
ഭാഗ്യമോ നിർഭാഗ്യമോ!

ബിറളാലയത്തിലെ–
പ്പൂങ്കാവിൻ മണൽത്തരി
പുളകംകൊള്ളുമ്മാറു
തുക്കഴൽ വെച്ചങ്ങിനെ

പ്രാർത്ഥനായോഗത്തിലേ–
യ്ക്കണയും മഹാത്മാവെ–
പ്പാർത്തിരുന്നവരന്നു
കണ്ടതെന്തു,മ്മോ കഷ്ടം!

നേടിഷ്ടനായിത്തുക്കാൽ
വന്ദിപ്പാൻ കുനിഞ്ഞ നീ
പാപിഷ്ഠ! തോക്കും ചൂണ്ടി–
പ്പൊന്തുന്നു, ചതിച്ചല്ലോ!

തരിച്ചു മരവിച്ചു
കാഴ്ചക്കാർ ഭക്തരൊന്നായ്
മരിച്ചു, പക്ഷേയവർ
ജീവിച്ചു കരയുവാൻ.

2

ആ വിളക്കണഞ്ഞുപോയ്,
സതപടീപ്തമായ് ലോക–
പാവനമായ വിള–
ക്കണഞ്ഞിതെന്നന്നേയ്ക്കും.

ഇരുളേ! പരന്നോളൂ,
ലക്ഷ്യത്തിലെത്താൻ വെമ്പും
കരളേ, കരയുക–
ദൈവേച്ഛ നടക്കട്ടെ.

അല്ലെങ്കിലലൗകിക—
രക്ഷണവിധികളാൽ
വെല്ലുന്ന വിധിയെ നാം
വെറുതേ പഴിക്കുന്നു.

ആവശ്യമെന്തെന്നയെന്ന
വസ്തുത വസ്തുവിൻെറ
ഭാവത്തിലല്ലാ, ലോകം
കാണുന്നതഭാവത്തിൽ.

അത്തപം ഗ്രഹിച്ചിച്ചു
ലോകഹൃൽക്ഷുഭരത്തി–

ലത്രയുമാ വിളക്കു
കത്തിപ്പാനോർത്തു വിധി.

മാതാവേ, മഹീദേവീ!
നിന്മക്കൾക്കകം പുക്കു
നേതാവായ് മഹാത്മജി
മേലിലും തുടൻപോം.

3

വാങ്മനശ്ശരീരാദി–
കൊണ്ടുള്ള തപസ്സിന്റെ
മേന്മയാലഭൗമമാം
ശക്തിയെ വെളിവാക്കി,

ഭൗതികവലയത്തി–
ന്നപ്പുറം കടന്നാത്മ–
ജ്യോതിസ്സു തെളിയിക്കും
ഉത്തമമാത്മത്തുടെ,

ഏകനായധ്വിഷ്ണനായ്
സത്യാന്വേഷണത്തിന്നു
ലോകമാമരണ്യത്തി–
ലുഴപ്പുക്കു മഹാത്മാവേ,

പിന്തിരിയാതെ ലക്ഷ്യം
പ്രാപിച്ചു വിശ്രമിക്കും
നിന്തിരുവടിക്കെന്റെ–
യന്ത്യമാം നമസ്കാരം!

സ്വാതന്ത്ര്യഗീതി

1

ആസേതുഹിമാചലം
നീളവേ വടക്കോട്ട–
മാസാംതൊട്ടലയാഴി
ചൂഴവേ പടിഞ്ഞാട്ടും

ഭാസുരമൊരു നവ്യ–
ചൈതന്യം പരന്നല്ലൊ
ഭാരതാംബികേ, ദേവി!
ഭാഗ്യത്താൽ ജയിപ്പു നീ.

അടിമത്തമാമന്ധ–
താമിസ്രനരകത്തി–
നടിപെട്ടന്നാവിധം
കഴിഞ്ഞ കഥയെല്ലാം

മാതാവേ, മറന്നു നീ
കൈക്കൊള്ള സ്വാഗ്ദീയമി–
സ്വാതന്ത്ര്യപ്പുലരിതൻ
പൊൽക്കതിർനീരാജനം.

2

ഭക്തിയിൽ മുഴുകിക്കൊ–
ണ്ടരികേ ഭവതിതൻ–
മക്കളുണ്ടിതാ ജാതി–
മതങ്ങളം ഗണിക്കാതെ

ഐക്യത്തോടെല്ലാവരു–
മൊന്നിച്ചു വന്ദിക്കുന്നു
തൃക്കഴലിവരെ നീ
തൃക്കൺ പാർത്തരുളുക!

ആരുടെ നേതൃത്വത്തിൽ
നിന്നുടെയടിമത്ത–
ഭാരത്തെയൊട്ടു നീക്കാൻ
നിന്മക്കൾ സമർത്ഥരായ്,

ആ മഹാത്മാവിൻ നേർക്കു
നന്ദിയോടോർപ്പൂ ഭ്രതി–
ധാമമേ! ഭവദീയ–
സംസ്കാരപാരമ്പര്യം.

3

അകമേ വസിച്ചുഴൽ
നകൻ്റെ ജന്തുക്കളെ—
യഖിലം സുഖിപ്പിപ്പാ—
നാശിച്ച രന്തിദേവൻ,

ലോകാധിപത്യംപോലും
പാഴ്വാക്കു പറയുവാ—
നാകാഞ്ഞു കൈവെടിഞ്ഞ
വിഖ്യാതൻ മഹാബലി,

"ആവില്ല, നാകംപൂകാ—
നാശ്രയിച്ചമരുമി—
ശപാവിനെക്രൂടാ"തെന്നു
ചൊല്ലിയ ധർമ്മപുത്രൻ,

ഇങ്ങിനെ പലർ പണ്ടു
നിന്മക്കൾ പോററിപ്പോന്ന
മംഗലഗുണൌഘങ്ങൾ
മാർഗ്ഗദർശികളല്ലോ.

4

സഹനസമരത്തിൽ
ശത്രുവും മാനിച്ചോരു
മഹിതമഹിംസയും
ത്യാഗവും വെടിഞ്ഞിപ്പോൾ

നിന്മക്കും നിഭാഗ്യത്താ—
ലന്യോന്യം കലഹിച്ചു
നിന്മടി രണ്ടായ് പകു—
ത്തങ്ങിങ്ങു വാഴാറായി.

രക്തസ്ഥിമജ്ജാബന്ധം
വഴിയുന്നു വിഭക്തമാം
വ്യക്തിയെയൊന്നായ്ത്തന്നെ
കാലത്താലറിയുമ്പോൾ,

ഹിന്ദുവും മുസൽമാനു—
മെപ്പോഴുമൊരേ മൈത്രീ—
ബന്ധത്തിലിടചേർന്നു
നിന്മടിയ്ക്കു ഴകേകും.

5

സ്വാർത്ഥചിന്തകൾ മൂത്തു
രാക്ഷസഭാവം പൂണ്ട
മർത്ത്യരിന്നൊരുക്കുന്നു
സമരസാമഗ്രികൾ.

കൊലയിൽ ചെഞ്ചോരയിൽ
മുഴുകി നടുങ്ങുന്നൊ—
രുലകം നിൻറെ നേർക്കു
നോക്കുന്നു സനിശ്ചയം.

പാവനചരിതേ! നിൻ
ഭാവനാതിഗം ശാന്തി–
പാലനൈപുണ്യം പാരി–
ലാരിപ്പോളറിയാതെ?

ദൂരത്തും സമീപത്തു–
മുള്ളവക്കൊക്കെത്താങ്ങായ്
പൊരസ്സുദിഗ്ദേവതേ!
ജയിക്ക! ജയിക്ക നീ.

6

പടഹമടിക്കുന്ന
വാരിധി, വാനം നീളെ–
പ്പനിനീർ തളിക്കുന്ന
നിൻ ജൈത്രയാത്രയിങ്കൽ.

അഖിലഗിരിക്കൂട–
കോടികൾ ജയാഘോഷ–
മുഖരങ്ങളായാപ്പു–
വിളിപ്പു നിരന്തരം.

പൊന്തി നിൽക്കുന്ന മുന്നിൽ
നിന്തിരുവടിയുടെ
ശാന്തിചക്രാലങ്കൃതം
ത്രിവർണ്ണപതാകകൾ.

ദേവി! നീ ജയിച്ചാലും,
ഭാസുരം തവ ഭാവി—
ജീവിതം പകുത്തുവാൻ
ലോകങ്ങളൊരുങ്ങട്ടെ.

3153

ഇരുട്ടിൽ

1

കണ്ണിന്നിളംനെൽച്ചെടികൊണ്ടു പച്ച–
ക്കർപ്പൂരമായ് തോന്നിയ പാടമെല്ലാം
പാഖണ്ഡവാദത്തിൽ മതങ്ങൾപോലെ
നീലാംബുച്ഛായയിൽ നീളെ മങ്ങി.

2

മൂവന്തിയായ് പേമഴയും തുടന്നി–
താശാമുഖം നിഷ്പ്രഭമായ് നികാമം;
ഏന്നുള്ളിലോരോ നിനവപ്പൊഴല്ലിൽ
മിന്നാമിനുങ്ങിൻ നിരപോലുയന്നു.

3

ഇരുട്ടു, കുന്നും കുഴിയും സമസ്ത–
മൊരേ നിരപ്പാക്കി വിടാൻ മുതിന്നു;
പ്രത്യുതകാമാന്ധതയാന്ന പാന്ഥ–
നിച്ഛിച്ചിടുംമട്ടു പുരോഗമിക്കാം.

4

വാരാശി താണ്ടിസ്സചിയായ് കൊളമ്പ–
സ്സമ്മട്ടിറച്ചാലു കടന്നുമുമ്പും;
ആശിപ്പതെല്ലാരുമവസ്ഥപോലെ,
ഫലത്തിലോ കേവലമൊന്നുപോലെ.

5

അഹോ, നരൻ വാനരനെത്തുടർന്ന
പരിഷ്കരിച്ചുള്ള പതിപ്പുപോലും!
എന്നാലവൻ, കാട്ടിയമട്ടു കാട്ടും
കായ്ത്തിലോ മാതൃകയിൽ കവിഞ്ഞു.

6

ആത്മീയസംസ്കാരപരാങ്മുഖന്മാ–
രായാലവക്കെന്തു തുടർന്നുകൂടാ?
സമ്പത്തിലാവില്ല വിപത്തിലാകാം
സമത്വമീമട്ടു പുരോഗമിച്ചാൽ.

7

തലയ്ക്കുമീതേ വയറെന്നു വന്നു,
കീഴ്മേൽ മറിഞ്ഞൂ നിലയാകമാനം.
വളർന്നൊരീയന്ധതയിങ്കൽ നിന്നു
ലോകത്തെ നീ കാക്കുക! ലോകബന്ധോ!

ശ്മശാനചിന്ത

1

അരിയും നെല്ലും ചുറവും
വളച്ചു ലോകബന്ധ–
മറുതിപ്പെട്ടുവെന്നു
കാട്ടിക്കൊണ്ടൊരുവീട്ടിൽ

ആ വടുക്കിനിയിങ്കൽ
തെക്കോട്ടു തലയുമാ–
യാ മൃതാംഗമാം ദേഹ–
മൊന്നുണ്ടു കിടക്കുന്നു.

രാവല്ല,ങ്ങിരുട്ടില്ല,
വിളക്കുണ്ടഗ്രേ ത്തിങ്കൽ
കേവലം ചടങ്ങായി,
നിശ്ശബ്ദമപ്പോഴെങ്ങും.

അരിയ കണ്ണിൽ കാന്തി
മങ്ങിയുണ്ടനങ്ങാതെ—
യരികിലിരിക്കുന്ന
നാലഞ്ചു ചെറുപ്പക്കാർ.

തെല്ലിട കഴിഞ്ഞപ്പോഴം
ശേഷക്കാർ ചില കൂളി—
ച്ചെല്ലാരുമീറൻകൊണ്ടു
തറവാട്ടത്തെത്തിച്ചേർന്നു.

കോടിവസ്ത്രത്താൽ കെട്ടി—
പ്പൊതിഞ്ഞു മൃതദേഹം
വാടിയ മുഖം പൂണ്ടോ—
രെടുത്തു നടക്കയായ്.

ഇടയ്ക്കു ജലാഞ്ജലി—
ക്കായത്തു നട്ടുമറ—
ത്തിറക്കീ, വീണ്ടുമേറി
നടന്നു ചിത പുക്കാർ.

2

മൂന്നുരു വലംവെച്ചു
മൃതനെച്ചിതയേറി—
പ്പിന്നീടു പിന്തിരിഞ്ഞു
കയ്യുകൾ പിണച്ചവർ

തീവെച്ചു ചിതയിങ്കൽ,
സവ്യഭക്ഷകനായ
ദേവന്റെ ലോലജ്വാലാ-
ജിഹ്വകൾ വെളിപ്പെട്ടു.

പച്ചമാവിന്റെ കൊമ്പും
ചില്ലയുമൊന്നിച്ചൂട-
ന്നുച്ചണ്ഡബുഭുക്ഷുവി-
നൊക്കയുമിരയായി.

അന്ത്യമാം ജലാഞ്ജലി-
യേറ്റിച്ചു മടങ്ങിനാർ
ബന്ധുക്കൾ, ബന്ധുത്വവും
കൃത്യവുമത്രത്തോളം.

3

ഇന്നലെ രാവിൽപോലും
ലൌകികഭോഗങ്ങളെ-
യൊന്നായി സ്വപ്നം കണ്ടു-
കൊണ്ടിരുന്നൊരു പുമാൻ

ഇന്നിതാ വെണ്ണീറായി-
ച്ചമഞ്ഞു ഞൊടികൊണ്ടു;
മന്നിലെച്ചലച്ചിത്ര-
പാത്രങ്ങൾ മനുജന്മാർ.

നിത്യമീ നില കണ്ടു
മാഴ്കുവാനിടവരും
മർത്ത്യന്റെയാശാഗതി
തടയാഞ്ഞതേ ഭാഗ്യം!

വിഷമമിതിലേറെ,
പ്രപഞ്ചം മിഥ്യയെന്നും
വിഷമാണെന്നും ഹന്ത—
വിശ്വസിപ്പവരെങ്കിൽ.

4

ഉലകാം വീണയാരു
വായിപ്പ്,തതിൻ മുഗ്ധ—
ചലനം കലാമയം
കാറേറ റു തന്നെത്താനോ?

അല്ലെന്നു പഴമയു—
മാണെന്നു പുതുമയും
ചൊല്ലുന്നു, നടുക്കുണ്ടു
മറെറാന്നു പരുങ്ങുന്നു.

ഭൌതികവാദം മാത്രം
ഘോഷിക്കും ശാസ്ത്രത്തിനു
കാതലാം ശക്തിയൊന്നു
പരമാണുവാണല്ലോ.

ഉത്പത്തിസ്ഥിതിലയ–
കാരിയായ്ശ്ശങ്കയെ
ക്കല്പിക്കു! കാത്തീടാമേ
കാലത്തിൻ വിളംബരം.

5

പ്രകൃതി വികൃതിയോ,
ദൈവത്തിൻ വിഹൃതിയോ,
പ്രകൃതമായ പാരിൻ–
മൂലമിങ്ങെന്താകിലും,

കേവലം കിനാവല്ലി–
പ്രപഞ്ചം, പുരുഷാർത്ഥ–
ജീവനമെന്നാമെന്നും
നന്നായി പ്രയത്നിച്ചാൽ.

നിശ്ചയം സുഖേച്ഛുക്കൾ
ജീവരാശികളവർ
നിശ്ചലരല്ല മിഥ്യാ–
വാദവഞ്ചിതരല്ല;

ആശിയ്ക്കും സുഖമെങ്ങും
കണ്ടെത്തും, മരണവു-
മാശിസ്സായ് കരുതേണ്ടും
ജീവിതപരിണാമം.

ധന്യം നിന്നവതാരം

മൌനഭാഷയിലേതോ
സാഹിത്യം പൊഴിക്കുന്നു
വാനവും മേഘങ്ങളും
ചന്ദ്രാർക്കതാരങ്ങളും;

ഊഴിയുമതിൻ ഭാവ–
ഗൌരവം ചിന്തിക്കുന്നി,–
താഴിയോ കുറിക്കുന്നു
ഭാഷ്യങ്ങൾ തിരകളാൽ.

പ്രകൃതിഭേദമെന്മാർക്കു
സാഹിത്യപരിശ്രമം
വികൃതിയല്ലെന്നിതു–
കൊണ്ടുതാനറിഞ്ഞിടാം.

സാരമാം കലയത്ര
പുഷ്ടമാക്കുവാൻ പോരും
കേരളപരിഷത്തേ!
ധന്യം നിന്നവതാരം.

തളിർത്തോരുത്സാഹത്തോ—
ടെപ്പോഴും ജിജ്ഞാസതൻ
കുളിത്ത വെളിച്ചത്തെ
വാഴിച്ചും സുഖിപ്പിച്ചും,

ജാതിദിങ്മതങ്ങളാൽ
ഭേദിയാതൊരു ദിവ്യ—
ഭ്രാതൃതയൈക്യം സാക്ഷാൽ
നിർവൃതികരം ചേർത്തും,

ഭാഗ്യവക്ഷേത്രവാസി—
ജനത്തെസ്സമസ്തവും
ഭാഗ്യത്താൽ പരകോടി—
യോളവുമെത്തിക്ക നീ!

ആചാര്യന്റെ ആശീർവാദം

"മംഗളം! യുവാക്കളേ,
നവദമ്പതികളേ,
നിങ്ങൾക്കു ഹാർദ്ദമായ് ഞാൻ
മംഗളം നേർന്നീടുന്നു."

പ്രേമത്താൽ വസന്തത്തിൻ--
നിർവൃതിയുളവാക്കി
ശ്രീമത്തായ് വിശ്വാസത്താൽ
തെന്നലിൻ തണുപ്പേകി

പ്രപഞ്ചജീവാതുവാ--
യാനന്ദമാത്മാവിനു
വിപഞ്ചീഗാനംപോലെ
നൽകിക്കൊണ്ടനാരതം

മഹത്തായ് മന്നും വിണ്ണും–
മാരാധിച്ചെഴും സാക്ഷാൽ
ഗൃഹസ്ഥാശ്രമത്തിന്റെ–
യാതിത്ഥ്യവേദിയിന്മേൽ

മരുവും മഹാമതി
ശൃംഗാരാദ്വൈതാചാര്യ–
നരുളിച്ചെയ്തീടുന്നി–
തനംഗൻ മഹാമുനി:—

"മംഗളം! യുവാക്കളേ,.....
....."

കാന്തമാം ദിനാന്തത്തിൽ
ദൂരയാത്രയാലല്പം
ശ്രാന്തരെങ്കിലും സങ്കേ–
താപ്തിയാൽ സന്തുഷ്ടരായ്

വന്ദിച്ചു നിന്നീടുന്ന
ധന്യരാം യുവാക്കളെ
നന്ദിച്ചു നോക്കിക്കൊണ്ടു
തുടർന്നു മുനിവര്യൻ:—

"ക്ലിഷ്ടമാം ബ്രഹ്മചര്യ–
വ്രതത്താൽ മുഷിഞ്ഞവ–
ക്കിഷ്ടമായ്ത്തീരാം പക്ഷേ
വികലം ദാമ്പത്യവും.

ഉത്തമകുലശീല—
ശ്രേഷ്ഠിഗണങ്ങളാ—
ലൊത്തവരായാലത്രേ
പൂർണ്ണമായതു ഭദ്രം.

നിങ്ങളെയഭിമാന—
പൂർവ്വം ഞാനഭിനന്ദി—
ച്ചിംഗിതംപോലെ നിങ്ങൾ—
ക്കാശിസ്സു നൽകീടുന്നു.

സ്വന്തമാണല്ലോ നിങ്ങൾ—
ക്കാശ്രമം, പരാധീന—
ചിന്തക്രൂടാതെ നന്നായ്
വിശ്രമിക്കുവിൻ നിങ്ങൾ.

നാരിയും നരനും

1

വലിയ നാട്യരംഗ,–
മല്ലെങ്കിൽ പടക്കള–
മൂലകമെന്ന ചൊല്ലി–
ലേതൊന്നു കൈക്കൊണ്ടാലും,

നരനു നടനായോ,
പോരാളിയായോ നിന്നു
വിരുതായതിൽ നേടി
ലക്ഷ്യത്തിലെത്തീടുവാൻ

ആരുവാൻ രസഭാവ–
ഹാവങ്ങടക്കുറവായോ
സാരമാം കരുത്തായോ
തുണപ്പൂ നിരപേക്ഷം?

നാരിതാനല്ലാതാരു,
ദൈവത്തിൻ കഴിവിന്റെ
പാരമ്യമവളത്രേ
പ്രപഞ്ചസർഗ്ഗസ്വരൂപം.

2

ആഹവയോഗ്യമായ
കട്ടത്ത കയ്യും മെയ്യും
സാഹസസ്വഭാവവും
സാമ്രാജ്യപ്രതാപവും

ഉലകാകവേ നേത്താൽ
പോലുമേ കലുങ്ങാത്തൊരു–
രുശിരുമോത്താൽ നരൻ
നല്ലൊരു പടയാളി.

തുമ്പില്ലാത്തൊരു മട്ടിൽ
കോട്ടീടും സ്നേഹത്തിന്റെ
കുമ്പിളുംകൊണ്ടു ലോകം
കാക്കേണ്ടും കയ്യും നീട്ടി

പെണ്ണിന്നവരുടെ
മുമ്പിലായ് പുഞ്ചിരിക്കു–
മൻപിനും കെഞ്ചിടുമ്പോൾ
കേവലമിരുപ്പാളി.

ശാന്തിക്കാരന്റെ കഷ്ടപ്പാട്

എത്രയോ മഹനീയ-
മെത്രയോ കമനീയ-
മെത്രയോ ഭവ്യം ദിവ്യ-
മെന്നൊക്കെപ്പറഞ്ഞാലും,

ഇന്നത്തെ നിലകൊണ്ടു
നോക്കിയാൽ ദയനീയ-
മെന്നല്ല, ശോചനീയം
തന്നെയീ മഹാക്ഷേത്രം.

ഊരാളർ തമ്മിത്തല്ലി-
ക്കളെത്ത മുതൽക്കെല്ലാം
പോരായ്മതന്നെ, ഹന്ത-
പൂജയേ മുട്ടാറായി;

എന്നാലും, ശാന്തിക്കാര—
നൊഴിച്ചി,ല്ലോരോവിധം
നന്നായിപ്പരിശ്രമം
ചെയ്തതിൻ ഫലമായി

വിട്ടീടാം ക്ഷേത്രമെന്നു
പുത്തനാമധികാരി
കഷ്ടിച്ചു സമ്മതിച്ചു
കാണുവാൻ വിളിക്കുമ്പോൾ,

കഷ്ടമേ! ഭാഗ്യദോഷം,
ദൈവബിംബത്തെയൊട്ടു
കാട്ടുമാ വിളക്കിനെ—
ച്ചൊല്ലിയും കലഹങ്ങൾ.

ക്ഷേത്രവാസികൾ തമ്മി—
ലാവകയൊതുക്കണം,
മാത്രമോ കെട്ടുപോയ—
വിളക്കു കൊളുത്തണം,

ഭജനമാശിപ്പോക്കു
സൌകര്യമുണ്ടാക്കണം,
സ്വജനങ്ങളായ് വേണ്ടും
കാര്യങ്ങൾ ചിന്തിക്കണം,

ഈവിധം പലകായ്പ്പു-
മൊന്നിച്ചുവരികയാ-
ലാവിലചിത്തനായി-
ക്കഴഞ്ഞീ ശാന്തിക്കാരൻ.

ആരാണു ഭാഗ്യവാൻ?

1

ഇരുളും വെളിച്ചവു-
മിടവിട്ടുണ്ടാക്കിക്കൊ-
ണ്ടിരുളും കാലചക്ര-
മങ്ങിനെ നടക്കുന്നു.

തുടക്കമൊടുക്കവു-
മെങ്ങിതിനെന്നോതേത്താത്തു
മടുത്തു മതിമാന്മാർ-
ക്കൂടിയും മടങ്ങുമ്പോഴും,

എന്തിനീ മനോഹര-
ദൃശ്യത്തിൻ രഹസ്യങ്ങളം
ചിന്തിച്ചു കുഴങ്ങുന്നു?
കണ്ടുകണ്ടാനന്ദിക്കാം.

3/53

2

നീരദനിരകളാൽ
നീരന്ധ്രമാകും വാനിൻ
നീലിമ പകർത്തീടും
കാട്ടുകൾ മലകളും

പാലൊളി തിരളുന്ന
പൂനിലാവേറെ മിന്നും
ചോലകൾ പാകപ്പെട്ട
നെല്ലണിപ്പാടങ്ങളും

തൂമഞ്ഞിൻ കണം ചാർത്തി-
പ്പൂങ്കാവിൻ കാറേറടിച്ചാടി-
പ്പൂമണം പരത്തുന്ന
വള്ളികൾ ചെടികളും

പ്രപഞ്ചകർത്തൃഹിതം
ചൊല്ലുന്ന നിജമനോ-
വിപഞ്ചി സൂക്ഷിപ്പവ-
ക്കറിയാമതത്രയും.

3

ആടലിലകപ്പെട്ട-
പോകരുതാലസ്യത്താ-
ലാരുമേ വെടിയരു-
താത്മകൃത്യങ്ങളെന്നും

ആരുതാരിലും വൈര—
മന്യരെത്തന്നെപ്പോലെ
കരുതീടുക നിങ്ങടം
നിർണ്ണയം സുഖമെന്നാൽ.

രക്തനായുദിച്ചിനൻ
രക്തനായ് മറയുന്ന
യുക്തമീ നിലയെന്ന
മാനവർ മാനിക്കേണ്ട;

കരഞ്ഞു പിറന്നവൻ
ചിരിച്ചു മരിക്കുവാൻ
കഴിവുള്ളവനായാ-
ലവനേ ധന്യധന്യൻ.

പുതുമഴ

1

അഹോ നിദാഘാതപമേറ്റു വാടി-
ത്തളർന്ന ദാഹിച്ചുമരുന്ന ലോകം
വാനത്തു പൊങ്ങുന്നൊരു കാറു കണ്ടു
വേഴാമ്പൽപോലുന്മുഖമായിനിന്നു.

2

സായന്തനാക്ക്ഷ്യുത്തികൊണ്ടു നാനാ-
വർണ്ണം പൊടും വാരിദമൊന്നു കണ്ടാൽ,
താപാത്തരെക്കാപ്പതിനായ് വിരിഞ്ചൻ
വിളംബരം ചെയ്തതുപോലെ തോന്നും.

3

ഹേ മേഘമേ! പണ്ടൊരു സാധുയക്ഷൻ
ശാപം നിമിത്തം വിരഹാർത്തനായി
ആത്മപ്രിയയ്ക്കുല്ലസകാരുവാനാ-
യയച്ച സന്ദേശഹരൻ ഭവാനോ?

4

ചേലപ്പറമ്പാം കവി ഭായ്വീട്ടിൽ
പോവാൻ പുറപ്പെട്ടളവന്നൊരിക്കൽ
പ്രാർത്ഥിച്ചപോലേ മഴ വിട്ടുനിന്ന
സൌദാമിനീവല്ലഭനങ്ങയല്ലീ?

5

മരിച്ചുപോയ് പതി, കിടാങ്ങളുണ്ടു
നാലഞ്ചുപേർ, കഷ്ടകരാണു ഞങ്ങൾ;
പാടത്തുചെയ്യും പണികൊണ്ടു വേണം
പാവങ്ങൾ ഞങ്ങൾക്കു കഴിഞ്ഞുകൂടാൻ.

6

ആവശ്യമെന്തെന്നതറിഞ്ഞുവെന്നോ
മന്ദ്രസ്വനത്താൽ വെളിവാക്കി മന്ദം
നാട്ടിൻപുറത്തെ സ്ഥിതി നോക്കി നോക്കി
നീങ്ങുന്നു വാനാന്ന കുലീനമേഘം.

7

ഒക്കത്തെടുത്തോരു കുടം കുഴഞ്ഞ
കൈകൊണ്ടു താങ്ങി,ക്കുടിലാളകങ്ങൾ
മറെക്കരംകൊണ്ടു പിടിച്ചൊതുക്കി
ഗ്രാമീണ കാറിൻ ഗതി കണ്ടുനിന്നു.

8

കിടപ്പതെന്താണതുകൊണ്ടു താനേ
തുറപ്പിപ്പൂട്ടം നല്ലൊരു ഭിക്ഷുപോലെ
പൊട്ടക്കുളം പുക്കൊരു കാള നാവും
വെള്ളം കുടിച്ചുണ്ടു കരേറിടുന്നു.

9

ദാഹിച്ചു തെണ്ടും കപി മാങ്ങയൊന്നു
പറിച്ചു പെട്ടെന്നു കടിച്ചശേഷം
പഞ്ചാരയില്ലാത്തൊരു കാപ്പി മോന്തി
മുഖം ചുളിക്കും കവിപോലിരുന്നു.

10

പരന്ന പാടങ്ങളം മലന്നൊരാറ-
പ്പുല്ലും മുളയ്ക്കാതെ വരണ്ടുണങ്ങി
പാഴ്മുണ്ടുമില്ലാതെ വിശന്നലഞ്ഞ
പാവങ്ങളംപോൽത്തന്നെ കിടന്നിടുന്നു.

11

കടുത്തൊരിക്കാഴ്ചകളിൽ കനിഞ്ഞും-
കൊണ്ടല്ലി, നാം കണ്ട കറുത്ത മേഘം
തുവെള്ളവസ്ത്രം കണികണ്ടിടാത്ത
തേജസ്സിനാലന്നുലകം മുഴുക്കി?

12

അരക്ഷണം കൊണ്ടളവറ്റു വാനി–
ലെത്തിക്കഴിഞ്ഞു നവനീരദങ്ങളും
പത്തായമുംപ്പുക്കു വൃഥാ കിടക്കും
വിത്തിന്നു വേഗം ഗതി കിട്ടുമാവോ!

13

പാടുന്നുവോ വാരുണയജ്ഞസൂക്തം
മണ്ഡൂകവും മാമുനിയെന്നപോലെ?
ചാറിത്തുടങ്ങീ മഴ, മാത്രതോറു–
മേറിക്കഴിഞ്ഞു, നിലയാകെ മാറി.

14

ഉണർന്നു സസ്യാദിക,ളൊട്ടു നീങ്ങി
വേഴാമ്പലിന്നുള്ള വിഷാദഭാരം;
വേണ്ടാത്ത പാറകളെയെങ്ങുമിങ്ങു–
മുണ്ടെങ്കിലും നിർവൃതിയാണ്ടു ലോകം.

15

അന്യാന്യമേഘം നിജജീവനത്തെ
ലോകത്തിനർപ്പിച്ചു മറഞ്ഞുപോയി;
ഓർത്തീടുമോ തെല്ലതു സാർത്ഥമാക്കി–
ത്തീർത്തീടുമോ ഭാരതകഷ്ടകന്മാർ?

ചിത്രശാല

1

എത്രയുമലസനാ–
യൊരുനാൾ മനസ്സിന്റെ
ചിത്രവേലകൾ കണ്ടു–
കൊണ്ടു ഞാനിരിക്കുമ്പോൾ,

ഓരോരോ നിമിഷവും
ഭിന്നമാം ഭാവങ്ങളാ–
ലോരോതെയാകൃഷ്ടനായ്
കഴിഞ്ഞതോർക്കുന്നു ഞാൻ.

ദിവ്യസൂക്തികൾ മുന്നം
വിളഞ്ഞു തെളിഞ്ഞുള്ള
ഭവ്യമാം സിന്ധുവിന്റെ
തീരത്തിൽ മഹർഷിമാർ

ശാന്തിസന്ദേശം നൽകി
വാണൊരു കാലത്തിന്റെ
കാന്തിക്രുടിയ ചിത്രം
കണ്ടു ഞാനാപ്ലാദിച്ചു.

ലാലയെ സ്തന്യഭ്രാന്ത്യാ
വിരലാൽ നുകരുന്ന
ബാലരാണവക്കോത്താൽ
ലൌകികസുഖാത്ഥികം.

കമ്മയോഗത്തെക്കുറി—
ച്ചൈത്രയും പുകഴ്ത്തിയ
നിർമ്മലർ വിരക്തന്മാ—
രഹിംസാനിരതന്മാർ,

ആ മഹാത്മാക്കൾ വീണ്ടും
ഭ്രലോകം സന്ദർശിപ്പാ—
നാഗതരായാലവ—
രാഹന്ത! ഖേദിച്ചു പോം.

സ്വാത്ഥത്തിൽ മുഴുകിയൊ—
രിന്നത്തെ ലോകത്തിന്റെ
ചിത്രങ്ങൾ മലിനങ്ങ—
ളുത്രയും വികൃതങ്ങൾ.

സമ്പത്തും പ്രൗഢതപവും
സമ്പൂർണ്ണമാകുംവണ്ണം
സംഭരിക്കുവാൻ വേണ്ടി
വെമ്പിക്കൊണ്ടുലകെല്ലാം

വമ്പർതൻ പക കൊണ്ടും
ബോംബിന്റെ പുകകൊണ്ടും
സമ്പ്രതി നിറയുന്നു,
സംഭ്രമിക്കുന്നു ലോകം.

വാർതിങ്കൾപോലും പൂർണ്ണ–
മൊരുനാൾമാത്രം വാനിൽ
വാൺപോം വസുക്കളാൽ
കൃശനാം ക്രമത്താലെ,

എന്നിരിക്കവേ മർത്ത്യൻ
പരിപൂർണ്ണതയ്ക്കായി–
കുന്നിച്ചാൽ ഫലിക്കുമോ?
കുത്സിതനെന്നേ വരൂ.

എന്നെന്നും പാലിക്കേണ്ടും
സുപ്രധർമ്മം നിനയ്ക്കാതെ–
യന്നന്നു തോന്നുംപോലെ
നടക്കാനൊരുമ്പെട്ടാൽ

കുറവല്ലയോ നര,
കാലത്തിൻ കരത്തിൽ നീ
കുറവൻ കളിപ്പിക്കും
കുരങ്ങനായിത്തീർന്നു.

3

വന്ദ്യരാം തപോധനർ
വാണരുളിയമൂലം
ധന്യങ്ങളം മനോജ്ഞങ്ങളം
പുണ്യങ്ങളരണ്യങ്ങളം.

ഭാവനിർഭരമായ—
താപസരുടെ ലോക—
സേവനവ്രതനിഷ്ഠ—
കണ്ടറിഞ്ഞതുകൊണ്ടോ

തണലും പഴങ്ങളും
മലരുമധുപഗക്കു
തളിരും നൽകീടുവാൻ
വെമ്പുന്ന തരുക്കളും?

ഇനിയ ഗുണങ്ങളാൽ
നോക്കുകിലൊരു പക്ഷേ
വനിയാണവനിയിൽ—
ക്രൂടിയുമിന്നു ഭേദം.

മുനിമാർ വീണ്ടും പിറ–
ന്നിനിയും യോഗക്ഷേമ–
ഖനിയായുലകത്തെ
മാറ്റുവാൻ കനിയുമോ?

അത്തലിന്നിടയാക്കു–
മിന്നത്തെ നില വെടി–
ഞ്ഞുത്തമസന്തുഷ്ടിയും
ശാന്തിയും നൽകീടുവാൻ

ഒത്തൊരുമട്ടിലെൻറെ
ഭാരതമുലകിന്നു
പുത്തനായൊരു ചിത്ര–
ശാലയായ് ഭവിക്കുമോ?

ഓണം കഴിഞ്ഞു

1

ഓണവില്ലൊച്ചയോട്ടം
ഗ്രാമത്തിലെല്ലാം ജഗൽ–
പ്രീണനം ശിശുക്കൾതൻ
പൂവിളി കേൾക്കാറായി.

കാണങ്ങളം വിറ്റുമോണ–
മുണ്ണുവാനുറച്ചോരോ
കോണിലുമുള്ള ജന–
മൊരുങ്ങികഴിഞ്ഞുപോയ്.

പൂവിട്ടം നാളിനറ്റ–
മായപ്പോൾ ഗൃഹംതോറും
പൂജിതനായിത്തുക്കാ–
ക്കരുപ്പൻ മാതേവരും

പ്രാണനെപ്പോലെ മുന്നം
താൻ കാത്ത പ്രജകളെ—
ക്കാണുവാനദ്യശ്യനായ്
മാബലിയെഴുന്നള്ളി.

ഒന്നായീ കൊല്ലം ഹന്ത!
ഞങ്ങളെ വിട്ടുപോയി—
ട്ടെന്നാലും വന്നില്ലല്ലൊ
മൽപ്രാണപ്രിയ മാത്രം.

2

ഓണമെൻ പിറന്നനാൾ—
ക്രൂടിയാകയാലന്നു
കാണുമാറുണ്ടവർക്കൊ—
രുത്സാഹം വിശേഷിച്ചും:

എത്രയും കാലത്തെന്നെ—
യെഴുന്നേൽപ്പിച്ചു പുണ്യ—
ക്ഷേത്രദർശനത്തിന്നായ്
യാത്രയാക്കാറുണ്ടവർ.

അതിന്നു വന്നിട്ടില്ല,
കണ്ണെഴുതിപ്പാനായി
മുതിരും ചിരിച്ചുകൊ—
ണ്ടുതിനും വന്നില്ലവർ.

എന്തിനു, വിളക്കുവെ–
ച്ചുണ്ണുവാനിരുന്നിട്ടും
പന്തിയല്ലെന്തോ പറ്റി–
ക്കാണുമേ, വന്നില്ലവൾ.

ഇരവിലവൾ വരാ–
തുണ്ടിങ്ങു പലപ്പോഴു–
മരികിലിരിക്കാവു–
മുണ്ടതു, കിനാവാമോ?

3

കാലത്തിൻ പിതാവായ
ദേവന്റെ വരുതിക്കു
വേലയിൽ നില്പാമവൾ,
പകലെങ്ങിളവെന്നാൽ?

പുലരിപ്പൂവിൻ മണം
കവർന്നു നൽകാനവ–
ളുലസനായ കാറ്റി–
നാജ്ഞ നൽകേണ്ടുമാദ്യം.

"കിളികളുണർന്നില്ലേ?
കീർത്തനം മുടക്കരു,–
തളികാം തേനുണ്ണുവാൻ
കാലമായ് വന്നില്ലല്ലീ!

നട്ടുച്ചവൈലിൽ പാഞ്ഞു
വന്നെത്തും പഥികർക്ക
കിട്ടിയോ വിശ്രമിക—
ളാലിലയിളക്കത്താൽ?

വാനമാം പൂമുറ്റത്തി—
ന്നടിച്ചു തളിയുടെ
മേൽനോട്ടം തൊട്ട സവ്വ—
മീവണ്ണമവംക്കാകാം.

4

അല്ലലിൻ നിവൃത്തിയി—
ലാശയാലെന്തൊക്കയോ
ചൊല്ലിഞ്ഞാ,നവളില്ല,
വരില്ല, പൊയ്പ്പോയവർ.

സച്ചന്ദ്രനീലമാം വാനം,
വാർ തിങ്കൾ, മരതക—
പ്പച്ചയായ് കിടക്കുന്ന
കാട്ടുകം മലകളും,

ഇത്രയുമഭിരാമ—
മാകുന്ന നേത്രങ്ങൾക്ക
ചിദ്രസാങ്കേനംമൂല—
മെന്നോതേണ്ടതൊരു കാലം.

അല്ലല്ലാ, പ്രിയാരതി–
മൂലമാണെന്നെൻ പ്രാണ–
വല്ലഭ പിരിഞ്ഞപ്പോ–
ളറിഞ്ഞേൻ പരമാത്ഥം.

5

രോഗശയ്യയിൽ കിട–
ക്കുമ്പൊഴുമവളെന്നെ
സപാഗതം ചെയ്താളെന്നും
നേത്ത പുഞ്ചിരിയാലെ.

ഭാവസമ്പന്നയാമ–
ദ്ധീരതൻ മുഖം ദീന–
ഭാവത്തിൻ നിഴൽപോലും
സഹിച്ചില്ലൊരിക്കലും.

മക്കളെ സംഭരിക്കുന്ന
മരുന്നും മന്ത്രങ്ങളും
നിഷ്കാമകർമ്മമായി–
ക്കൈക്കൊണ്ടാൾ സമസ്തവും.

ആമയം കടിച്ചിറ–
ക്കുമ്പൊഴുമവളുടെ
കോമളാധരമഹോ!
ജപിച്ചു രാമനാമം.

ഇണങ്ങിത്തന്നിൽപ്പററി–
ക്കിടക്കും ഭാഗ്യവല്ലി–
യുണങ്ങീ–എന്നിട്ടു മി–
പ്പാഴ്മരം നില്പ്പാണല്ലൊ!!

6

ഉലകിൻ വിചിത്രമാം
രഹസ്യമോത്തിടാതെ
വിലപിക്കുന്ന വിജ്ഞൻ–
പോലുമേ വിഷാദത്താൽ.

ചിരിതൻ നാളം മാത്ര–
മേറേററവു കാലംകൊണ്ടു
കരിയും സുഖാങ്കുരം,
കണ്ണീരിൽ നനയാഞ്ഞാൽ.

പഞ്ചഭ്രതങ്ങളുടെ
പഴയ കൃഷിക്കാരൻ
പഞ്ചകം വിളയുമ്പോൾ
തൽക്ഷണം കൊയ്തീടുന്നു,

വിത്തുകൾ ശേഖരിച്ചു
പത്തായം നിറയ്ക്കുന്നു,
പേത്തുമേ യഥാകാലം
വിതപ്പാൻ മുതിരുന്നു.

ഇങ്ങിനെ നടക്കുന്നു
പ്രപഞ്ചം, പക്ഷേ മേലി-
ലങ്ങിനെയുള്ളോരോണം
കഴിഞ്ഞു, വരില്ലിനി.

സഹകാരത്രയം

പല്ലവം പരഭൃതത്തിനിഷ്ടമലർ കാമനമ്പു, തവ പത്രമോ
വല്ലഭം വളവുമാണു, കായകവും കഴിപ്പതിന്നു പരമുത്തമം,
നല്ലനിൻതടികയംകൊണ്ടുമുണ്ടു പലവേലചെയ്യതിനു,പാക്കിലൊ-
ന്നില്ലഹോ പഴതെ, നിന്നിലൊക്കെയുപകാരമാണു സഹകാരമേ!

ശിഷ്ടമായ പരപുഷ്ടപംക്തി തളിരഷ്ടിചെയ്തു മതി തുഷ്ടയാ-
യിഷ്ടമാം സുഭഗപഞ്ചമസ്വരമുതിർത്തിടുന്ന തവ ശാഖയിൽ;
ഓഷ്ടമാം കരടജാലമോ മധുരമായ നിൻഫലമശിക്കിലും
കഷ്ടമേ! കടുനിനാദമാണിഹ രസാൽ പൊഴിപ്പതു രസാലമേ!

ധാടിയായുലകു വെല്ലുവാൻ വലിയ വമ്പനായ മലരമ്പനീ
മോടിപൂണ്ട തവ പൂവു കണ്ടടനെടുത്തു മോഹനശരത്തിനായ°;
വാടിടുംപടി കരിങ്കഴൽക്കകമതൊന്നു കഷ്ടമബലാജനം
കൂടിടായ്കിലതുകൊണ്ടു തേ ചെറുതു ചേതമെന്തു ബത കൂതമേ!

Ms

3/53

പുതിയ നാടകം

ഭൃംഗീകുലത്തിന്റെ സംഗീതഭംഗിക–
ളംഗീകരിച്ചുള്ള താളവും മേളവും

പ്രാദോഷികം നാന്ദിയൊത്തു കഴിയവേ
പ്രാചിതൻ നേപത്ഥ്യഭ്രവിൽനിന്നും

അകാശമണ്ഡലരംഗത്തിലെത്തുന്ന
രാകാശശാങ്കനാം സൂത്രധാരൻ.

പൊങ്ങുന്ന സന്ധ്യയാം പൊന്നിൻ തിരശ്ശീല–
യെങ്ങുമേ നിശ്ശബ്ദമായി രംഗം.

പുഷ്പാഞ്ജലിപോലെ ചുറവും വിതറിയ
പുഷ്പലതാരങ്ങളുല്ലസിച്ചു.

രാത്രിയാകും നടിയായ്യുൻ വിളിക്കവേ
സത്രംപമാടിക്കുഴഞ്ഞണഞ്ഞു.

മെച്ചമായന്നൊരു പുത്തനാം നാടകം
കാഴ്ചയ്ക്കു വെച്ചവർ നിഷ്ക്രമിച്ചു.

This is a Good Song.

Printed at The Parishanmudranalayam, Er[illegible].